## '' തിരുവനന്തപുരം റൂറൽ ജില്ലയിൽ ഗുണ്ടകളേയും സാമൂഹികവിരുദ്ധരേയും അമർച്ചചെയ്യുന്നതിനായി ശക്തമായ നടപടികൾ''

സംസ്ഥാനത്തുടനീളം വർദ്ധിച്ചുവരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മറ്റുമെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിൻെറ ഭാഗമായി തിരുവനന്തപുരം റൂറൽ ജില്ലയി ലും ജില്ലാ പോലീസ് മേധാവി ശ്രീ. പി. അശോക് കുമാർ ഐ.പി.എസ്. ൻെറ നേതൃത്വത്തിൽ ഗുണ്ടകളേയും സാമൂഹികവിരുദ്ധരേയും അമർച്ചചെയ്യുന്നതിനായി ശക്തമായ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നു.. 2017 വർഷം നാളിതുവരെ സാമൂഹികവിരുദ്ധർക്കും മറ്റുമെതിരെ 151 സി.ആർ.പി.സി പ്രകാരം 1094 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും. 1104 പേരെ അറസ്റ്റ്ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതും, കൂടാതെ സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന 122 പേർക്കെതിരെ 107 സി.ആർ.പി.സി പ്രകാരം കേസുകളും രജിസ്റ്റർ ചെയ്ത് നല്ലനടപ്പിനായി ബോണ്ടുവയ്ക്കുന്നതിലേയ്ക്കായി ബഹു: ജില്ലാ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനു റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതുമാണ്. കടുത്ത കുറ്റകൃത്യത്തിലേർപ്പെട്ടിരുന്ന നാലുപേർ ജില്ലയിൽ പ്രവേശിക്കുന്നതു തടയുന്നതിനുള്ള നടപടിസ്വീകരിക്കുന്നതിനായി പോലീസ് ഇൻസ്പെക്ടർ ജനറലിനു റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതും കൂടാതെ കടും കുറ്റകൃത്യത്തിലേർപ്പെട്ട മറ്റൊരാളെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനായി ബഹു: ജില്ലാ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിനു റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതുമാകുന്നു. കൂടാതെ സബ്ബ് ഡിവിഷൻ ഡി.വൈ.എസ്.പി.മാർ, പോലീസ് ഇൻസ്പെക്ടർമാർ, ജില്ലയിലെ മുഴുവൻ എസ്.എച്ച്.ഒ.മാർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് കോമ്പിംഗ് ഓപ്പറേഷനുകൾ നടത്തി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി പിടികിട്ടാപ്പുള്ളികൾ ഉൾപ്പെടെ വിവിധ കോടതികളിൽ നിന്നും അറസ്റ്റ് വാറണ്ട് പുറപ്പെടുവിപ്പിച്ചിരുന്നതും മോഷണം, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തുടങ്ങിയ വിവിധ ക്രൈം കേസ്സുകളിൽ അറസ്റ്റ് ചെയ്യുവാനുണ്ടായിരുന്നവരും മദ്യപിച്ച് അപകടകരമായ രീതിയിൽ വാഹനം ഓടിച്ചിരുന്നവരും പൊതു സ്ഥലത്തു മദ്യപിച്ചു ബഹളം ഉണ്ടാക്കിയ പ്രതികളും ഉൾപ്പെടെ അയ്യായിരത്തിലധികം പേരെ അറസ്റ്റു ചെയ്തു ഗുണ്ടകളേയും സാമൂഹികവിരുദ്ധരേയും അമർച്ചചെയ്യുന്നതിനു വേണ്ടി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും വരും ദിവസങ്ങളിലും ഇത്തരത്തിലുള്ള കോമ്പിംഗ് ഓപ്പറേഷനുകൾ നടത്തി കൂടുതൽ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതാകുന്നു.

15.4.017

ജില്ലാ പോലീസ് മേധാവി,

തിരുവനന്തപുരം റൂറൽ.